അനുബന്ധം-I

പി.സി. ജോർജ് എം.എൽ.എ.-യുടെ സബ്മിഷനുള്ള മുഖ്യമന്ത്രിയുടെ മറുപടി

22-03-2018-ൽ പത്തനംതിട്ട, സന്തോഷ്കവല, ഒമ്പതാം കോളനിയിൽ ജെയിംസിന്റെ മകൾ ജെസ്നയെ കാൺമാനില്ല എന്ന പരാതിയിന്മേൽ വെച്ചൂച്ചിറ പോലീസ് സ്റ്റേഷനിൽ ക്രൈം 201/2018 ആയി കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു.

വെച്ചൂച്ചിറ പോലീസ് സബ് ഇൻസ്പെക്ടറുടെ നേതൃത്വത്തിലുള്ള ആദ്യ അന്വേഷണത്തെത്തുടർന്ന് റാന്നി പോലീസ് ഇൻസ്പെക്ടർ, പെരുനാട് പോലീസ് ഇൻസ്പെക്ടർ എന്നിവരുടെ നേതൃത്വത്തിലുള്ള പ്രത്യേക പോലീസ് സംഘങ്ങൾ അന്വേഷണം ഏറ്റെടുത്ത് നടത്തിവന്നിരുന്നതുമാണ്. തുടർന്ന് തിരുവല്ല ഡെപ്യൂട്ടി പോലീസ് സൂപ്രണ്ടിന്റെ നേതൃത്വത്തിൽ സ്പെഷ്യൽ പോലീസ് ടീം ഈ കേസിന്റെ അന്വേഷണം കൈമാറി.

ഇതിനകം ഒരു ലക്ഷത്തോളം ഫോൺകോളുകൾ പരിശോധിച്ചിട്ടുള്ളതും ഇന്ത്യയിലെ എല്ലാ സംസ്ഥാനത്തെയും പത്രങ്ങളിൽ ലുക്കൗട്ട് നോട്ടീസ് ഉൾപ്പെടെ വിശദമായ അന്വേഷണം നടത്തിയിട്ടുള്ളതുമാണ്. ബാംഗ്ലൂർ, മൈസൂർ, വേളാങ്കണ്ണി, തിരുപ്പൂർ, കാഞ്ചീപുരം എന്നീ സ്ഥലങ്ങളിലും

അന്വേഷണത്തിനായി ഉദ്യോഗസ്ഥരെ നിയോഗിച്ചിരുന്നു.

കുമാരി ജെസ്‌ന വിദേശത്തേയ്ക്ക് പോയിട്ടുണ്ടോ എന്നറിയുന്നതിന് റീജിയണൽ പാസ്പോർട്ട് ഓഫീസർമാരുമായി ബന്ധപ്പെട്ടും അന്വേഷണം നടത്തി വരുന്നു.

ഇപ്പോൾ തിരുവനന്തപുരം റേഞ്ച് ഐ.ജി.-യുടെ മേൽനോട്ടത്തിൽ സൈബർ വിദഗ്ദ്ധന്മാരും വനിതാ പോലീസ് ഇൻസ്പെക്ടറും അടങ്ങുന്ന 15 അംഗ സ്പെഷ്യൽ പോലീസ് ടീം ഈ കേസിന്റെ അന്വേഷണം ഊർജ്ജിതമായി നടത്തിവരുന്നു.

<u>അനുബന്ധം-II</u>

<u>ശ്രീ. റ്റി. വി. രാജേഷ് എം.എൽ.എ. ഉന്നയിച്ച സബ്മിഷനുള്ള വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ മറുപടി</u>

സർവ്വകലാശാലകളുടെ വിദൂര വിദ്യാഭ്യാസ കേന്ദ്രങ്ങൾക്ക് അംഗീകാരം ലഭിക്കുന്നതിനായി നാക് അക്രഡിറ്റേഷനിൽ 3.26 മുതൽ മുകളിലേയ്ക്ക് ഗ്രേഡ് പോയിന്റ് നേടിയിരിക്കണം. അല്ലാത്ത പക്ഷം റീ അക്രഡിറ്റേഷൻ 2019-ന് മുൻപ് എടുത്ത് ഈ ഗ്രേഡിംഗ് നേടിയിരിക്കണം എന്ന യു.ജി.സി.-യുടെ പുതിയ നിബന്ധന

നിലവിൽ വന്നതുമൂലം 2018-19 വർഷത്തെ വിദൂര വിദ്യാഭ്യാസ കോഴ്സുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുവാൻ സാധിച്ചിട്ടില്ല. കേരളത്തിലെ സർവ്വകലാശാലകൾക്കൊന്നും തന്നെ നിലവിൽ യു.ജി.സി. നിഷ്കർഷിച്ചിട്ടുള്ള ഗ്രേഡ് പോയിന്റ് നേടുവാൻ സാധിച്ചിട്ടില്ല. ഇത് കേരളത്തിലെ വിദൂര വിദ്യാഭ്യാസ രംഗത്ത് പ്രത്യാഘാതങ്ങൾ സൃഷ്ടിക്കുവാൻ സാധ്യതയുണ്ട്. ഇക്കാര്യത്തിൽ വിദ്യാർത്ഥികളുടെ ആശങ്കകൾ പരിഹരിക്കുവാൻ സർക്കാർ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

<u>അനുബന്ധം-III</u>

<u>ശ്രീ. ആർ. രാമചന്ദ്രൻ എം.എൽ.എ. ഉന്നയിച്ച സബ്മിഷനുള്ള വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ മറുപടി</u>

കരുനാഗപ്പള്ളി താലൂക്കിൽ 2016-ൽ പ്രവർത്തനം ആരംഭിച്ച തഴവ ഗവ. ആർട്സ് ആന്റ് സയൻസ് കോളേജിനുവേണ്ടി നോട്ടിഫൈ ചെയ്ത കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിലെ തഴവ ഗ്രാമപഞ്ചായത്തിലെ പാവുമ്പ പ്രദേശത്ത് അംബേദ്ക്കർ കോളനിക്ക് സമീപമുള്ള 5 ഏക്കർ സ്ഥലം കോളേജിന്റെ ഭൗതിക സൗകര്യങ്ങൾ ഒരുക്കുന്നതിന് അനുയോജ്യമല്ലാത്തതിനാലും, ഉടമസ്ഥരിലൊരാൾ റവന്യൂ റിക്കവറി നടപടികൾ നേരിടുന്നതിനാലും വസ്തുവിന്റെ ക്ലിയറൻസ്

സർട്ടിഫിക്കറ്റ് ലഭ്യമാകാത്തതിനാലും ഏറ്റെടുക്കാൻ കഴിഞ്ഞിട്ടില്ല. പുതിയ വസ്തു കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

പ്രസ്തുത കോളേജിൽ അദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നിർദ്ദേശം ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്. അനദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നടപടികൾ പൂർത്തീകരിക്കാത്ത സാഹചര്യത്തിൽ, അത്യാവശ്യ തസ്തികകളിലേയ്ക്ക് കരാർ/ദിവസ വേതനാടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

പ്രസ്തുത കോളേജിൽ എൻ.സി.സി, എൻ.എസ്.എസ്. തുടങ്ങിയ പാഠ്യേതര മേഖലകളിലുള്ള പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള നിയമാനുസൃത അപേക്ഷ എൻ.സി.സി. അഡീഷണൽ ഡയറക്ടർക്കും സ്റ്റേറ്റ് എൻ.എസ്.എസ്. ഓഫീസർക്കും കോളേജിൽ നിന്നും ലഭിക്കുന്ന മുറയ്ക്ക് പരിഗണിക്കുന്നതാണ്.